**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3627** **08-10-2025 - ൽ മറുപടിയ്ക്ക്**

**രജിസ്ട്രേഷൻ വകുപ്പിൽ നടത്തിയ പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി)** | |
| (എ) | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ.3) വകുപ്പ് 2023-ൽ രജിസ്ട്രേഷൻ വകുപ്പിൽ നടത്തിയ പഠന റിപ്പോർട്ടിന്മേലുള്ള ശിപാർശകളിൽ നാളിതുവരെ ഏതെല്ലാം നടപ്പിലാക്കിയിട്ടുണ്ട്; ശിപാർശകൾ നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ? | (എ) | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ.3) വകുപ്പ് 2023 ൽ നടത്തിയ പഠന റിപ്പോർട്ടിൽ ഉൾപ്പെട്ടിരുന്ന ശിപാർശകളിൽ താഴെ പറയുന്നവ നടപ്പിലാക്കിയിട്ടുണ്ട്.<br><br>(1) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 25.02.2017-ലെ സ.ഉ.(പി)നം.3/2017/ഉഭപവ പ്രകാരമാണ് വകുപ്പിൽ സ്ഥലംമാറ്റ നടപടികൾ നടത്തി വരുന്നത്.<br><br>(2) ജോയിന്റ് ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷന്റെ നേതൃത്വത്തിൽ ആഭ്യന്തര വിജിലൻസ് സംവിധാനം വകുപ്പിൽ നിലവിലുണ്ട്. മേഖലാ ഡി.ഐ.ജി.മാർക്കും ആഭ്യന്തര വിജിലൻസ് ചുമതല നൽകിയിട്ടുണ്ട്.<br><br>(3) 25.02.2025 ലെ സ.ഉ.(സാധാ)നം. 173/2025/TAXES പ്രകാരം രജിസ്ട്രേഷൻ വകുപ്പിൽ സബ് രജിസ്ട്രാർ ഓഫീസ് കേന്ദ്രീകരിച്ച് ജനകീയ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.<br><br>(4) സംസ്ഥാനത്ത് ഒരു ലക്ഷം രൂപ വരെയുള്ള എല്ലാ ഡിനോമിനേഷനുകളിലുമുള്ള നോൺ ജുഡീഷ്യൽ മുദ്രപത്രങ്ങൾക്കും 01/04/2023 മുതൽ ഇ-സ്റ്റാമ്പിംഗ് നടപ്പിൽ വരുത്തുകയും ഇ-സ്റ്റാംമ്പിംഗ് നടപ്പിൽ വരുത്തുന്നതിന് തയ്യാറാക്കിയ ഇ-സ്റ്റാമ്പിംഗ് പോർട്ടൽ ഉപയോഗത്തിന് പ്രവർത്തനാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ച് രജിസ്ട്രേഷൻ ആവശ്യങ്ങൾക്ക് ഒരു ലക്ഷം രൂപ വരെയുള്ള എല്ലാ ഡിനോമിനേഷനുകളിലുമുള്ള നോൺ ജുഡീഷ്യൽ മുദ്രപത്രങ്ങളും അംഗീകൃത സ്റ്റാമ്പ് വെണ്ടർമാർ മുഖേന ജനറേറ്റ് ചെയ്ത് വരുന്നു. കൂടാതെ രജിസ്ട്രേഷൻ ഇതര ആവശ്യങ്ങൾക്ക് ഒരു ലക്ഷം രൂപ വരെയുള്ള എല്ലാ ഡിനോമിനേഷനുകളിലുമുള്ള നോൺ ജുഡീഷ്യൽ മുദ്രപത്രങ്ങളും ട്രഷറി ഡയറക്ടർ സമർപ്പിച്ച ബ്ലാക്ക് & |

| | | | |
|---|---|---|---|
| | | | വൈറ്റ് ഫോർമാറ്റിൽ, ഇ-സ്റ്റാമ്പിംഗ് പോർട്ടൽ വഴി പൊതുജനങ്ങൾക്ക് വെണ്ടർമാർ മുഖേന വിൽപ്പന നടത്തി വരുന്നു.<br><br>(5) Ease of Doing Business (EoDB) പദ്ധതിയുടെ ഭാഗമായി രജിസ്ട്രേഷൻ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റ് C-DIT ന്റെ സാങ്കേതിക സഹായത്തോടെ കാലാനുസൃതമായി പരിഷ്ക്കരിച്ചിട്ടുണ്ട്.<br><br>(6) വകുപ്പിന്റെ ആവശ്യങ്ങൾക്കായി കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് കൃത്യമായ മാനദണ്ഡം പാലിക്കുകയും, ഗുണനിലവാരം ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്. സബ് രജിസ്ട്രാർ ഓഫീസുകളിലെ പഴയ ലെഗസി റെക്കോർഡുകളുടെ ഡിജിറ്റലൈസേഷനുമായി ബന്ധപ്പെട്ട് കേരളത്തിലെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും സൂക്ഷിപ്പുള്ള 1998 മുതലുള്ള രജിസ്റ്റർ വാല്യങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ട്.<br><br>(7) കേരളത്തിലെ സൊസൈറ്റി രജിസ്ട്രേഷൻ ഒരു ആക്ടിനു കീഴിൽ കൊണ്ടുവരുന്നതിലേക്കായി പതിനഞ്ചാം കേരളാ നിയമസഭയുടെ പതിനാലാം സമ്മേളനത്തിൽ 2025 ലെ കേരളാ സംഘങ്ങൾ രജിസ്ട്രേഷൻ ബിൽ പാസാക്കിയിട്ടുണ്ട്.<br><br>മറ്റ് ശിപാർശകൾ തുടർനടപടി സ്വീകരിക്കുന്നതിനായി പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ